ക്രാഫ്റ്റ് അദ്ധ്യാപകന്മാർ

* 53. [139] ശ്രീ. മുസ്തഫാകമാൽ :
,, വി. എസ്. അച്യുതാനന്ദൻ :
,, കെ. ചാത്തുണ്ണിമാസ്റ്റർ :
,, പി. കെ. കുഞ്ഞച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1957-58 വർഷങ്ങളിൽ ക്രാഫ്റ്റ് അദ്ധ്യാപകന്മാരായി നിയമിതരായിട്ടുള്ളവർ എത്ര ;

(ബി) 1962-63-ൽ പ്രസ്തുത അദ്ധ്യാപകരെ ഫുൾടൈമാക്കാതിരുന്നതിനുള്ള കാരണമെന്ത് ;

(സി) മുന്നും നാലും വർഷം ഫുൾടൈം സർവ്വീസുള്ളവരും ടി. ടി. സി. പാസായവരുമായ ക്രാഫ്റ്റ് അദ്ധ്യാപകരെ ഫുൾടൈം ആക്കുന്നതിനുള്ള ഏതെങ്കിലും നടപടി ഗവണ്മെന്റ് സ്വീകരിച്ചിട്ടുണ്ടോ ;

(ഡി) ഇല്ലെങ്കിൽ സംരക്ഷണ ഓർഡറിൽ വേണ്ട ഭേദഗതികളും വരുത്തി പ്രസ്തുത ക്രാഫ്റ്റ് അദ്ധ്യാപകർക്കുടി സംരക്ഷണം നൽകുവാൻ ഉപയുക്തമായ നടപടി എടുക്കുമോ ?

വിദ്യാഭ്യാസമന്ത്രി (ശ്രീ. സി. എച്ച് മുഹമ്മദ്കോയ) :

(എ) 1958-ൽ ക്രാഫ്റ്റ് അദ്ധ്യാപകരുടെ ക്വാളിഫിക്കേഷൻ അംഗീകരിക്കുന്നതിനുമുമ്പ് ഗവണ്മെൻറും പ്രൈവറ്റും സ്കൂളുകളിൽ പ്രൊവിഷണലായി നിയമനം നടത്തിയിട്ടുണ്ട്. 58-ൽ അംഗീകരിച്ച ക്വാളിഫിക്കേഷന്റെ അടിസ്ഥാനത്തിൽ അതിനു മുമ്പു നിയമിച്ച അദ്ധ്യാപകരുടെ നിയമനം സ്ഥിരപ്പെടുത്തി. മറ്റദ്ധ്യാപകരെ പിരിച്ചുവിട്ടു. അതുകൊണ്ട് 1957-58-ൽ നിയമിച്ച ക്രാഫ്റ്റദ്ധ്യാപകരുടെ ശരിയായ വിവരങ്ങൾ ഡിപ്പാർട്ടുമെൻറിൽ ലഭ്യമല്ല. 31-3-1968-ലെ കണക്കുകളനുസരിച്ച് 704 ഗവണ്മെൻറ് സ്കൂളുകളിലും 1938 പ്രൈവറ്റ് സ്കൂളുകളിലും ക്രാഫ്റ്റ് അദ്ധ്യാപകരുണ്ട്.

(ബി) 1962-63-ൽ ഫുൾടൈം ആക്കുന്നതിന് പ്രത്യേക കാരണമൊന്നുമില്ല. ക്രാഫ്റ്റിനു 15 പീരീടിൽ കുറവാണെങ്കിൽ പാർട്ടുടൈം പോസ്റ്റും അതിൽകൂടുതലായാൽ ഫുൾടൈം പോസ്റ്റും അനുവദിക്കും. 1962-63-ൽ സിലബസ് പരിഷ്ക്കരണംകാരണം ക്രാഫ്റ്റ് പീരീഡുകളുടെ എണ്ണം കുറവായി. ഈ കുറവുകൊണ്ട് ഫുൾടൈം പോസ്റ്റുകളും പാർട്ടുടൈം പോസ്റ്റുകളായി മാറേണ്ടിവന്നു. പല ഫുൾടൈം അദ്ധ്യാപകരും പാർട്ടുടൈം അദ്ധ്യാപകരായി തരംതാഴ്ത്തപ്പെട്ടു.

(സി) ഈ അദ്ധ്യാപകരുടെ പ്രയാസങ്ങൾ മനസ്സിലാക്കി 62-63-ലെ അദ്ധ്യായനവർഷാരംഭത്തിൽ രണ്ടുകൊല്ലം തുടർച്ചയായി ഫുൾടൈം സർവ്വീസുള്ളവർക്ക് സംരക്ഷണംകൊടുത്തു. ഇവരെയും മറ്റുള്ളവരേയും ടി.ടി.സി.ക്കു നിയോഗിച്ചു മടങ്ങിവന്ന ശേഷം റഗുലർ അദ്ധ്യാപകന്റെ ഒഴിവുണ്ടെങ്കിൽ അവരെ നിയമിക്കാൻ ഉത്തരവു പുറപ്പെടുവിച്ചു.

(ഡി) ഈ ഉത്തരവിന്റെ പരിധിയിൽപ്പെടാത്ത അദ്ധ്യാപകന്മാർ അവരുടെ സർവ്വീസിനു സംരക്ഷണം ആവശ്യപ്പെട്ടു. 1962-ൽ ഫുൾടൈം ജോലിയിൽ ഉണ്ടായിരുന്ന എല്ലാ ക്രാഫ്റ്റ് അദ്ധ്യാപകർക്കും സിലബസ് പരിഷ്ക്കരണംകൊണ്ട് പീരീഡുകളും കുറഞ്ഞു ദോഷകരമായി ഭവിച്ചാൽ സംരക്ഷണം കൊടുക്കാനുള്ള ഒരു പരിഹാരം ഗവണ്മെൻറിന്റെ പരിഗണനയിലിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. കുഞ്ഞൻ: പാർട്ടടൈം ക്രാഫ്റ്റ് ടീച്ചേഴ്സിനു് അപ്പായിൻറുമെൻറു കൊടുക്കുകയില്ലെന്നു് ഈ അടുത്തകാലത്തു് ഒരു പ്രസ്താവന കാണുകയുണ്ടായി. മലബാർഭാഗത്തു് ഇങ്ങനെ ക്രാഫ്റ്റ് പാസ്സായിനിൽക്കുന്ന അനവധി വിദ്യാർത്ഥികളുണ്ടു്. ഇത്തരം ആളുകളെസംബന്ധിച്ചിടത്തോളം അവർക്കു് ജോലികിട്ടുന്നതിനു് എന്തെങ്കിലും നടപടി സ്വീകരിക്കാൻ ഗവണ്മെൻറു് ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. സി. എച്ചു്. മുഹമ്മദുകോയ: ഈ ക്രാഫ്റ്റു് വേണ്ടെന്നു വച്ചിരിക്കുകയാണു്. അതേയവസരത്തിൽ കോത്താരി കമ്മീഷൻ പറഞ്ഞിരിക്കുന്ന work experience എന്ന പദ്ധതിയെസംബന്ധിച്ചു് ഗവണ്മെൻറു് ആലോചിച്ചുകൊണ്ടിരിക്കുകയുമാണു്.

ശ്രീ. എ. കെ. അപ്പു: പി. എസ്സു്. സി. തെരഞ്ഞെടുത്തവരും, ആറും ഏഴും കൊല്ലത്തെ സർവ്വീസുള്ളവരുമായ ക്രാഫ്റ്റു് ടീച്ചേഴ്സിനെ പിരിച്ചുവിടാൻ ഈ ഗവണ്മെൻറു് വല്ല കല്പനയും പുറപ്പെടുവിച്ചിട്ടുണ്ടോ?

ശ്രീ. സി. എച്ചു്. മുഹമ്മദുകോയ: അങ്ങനെ ക്രാഫ്റ്റു് അദ്ധ്യാപകന്മാരെ പിരിച്ചുവിടണമെന്നു് ഒരു ഉത്തരവു പുറപ്പെടുവിച്ചിട്ടുള്ളതായി ബഹുമാനപ്പെട്ട മെമ്പർതന്നെ എൻറെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടു്. ആ ഉത്തരവു സ്റ്റേ ചെയ്യുന്ന കാര്യത്തെപ്പറ്റി ഇപ്പോഴും ആലോചിച്ചുകൊണ്ടിരിക്കുകയാണു്.

ശ്രീ. വി. കൃഷ്ണൻനായർ: ക്രാഫ്റ്റദ്ധ്യാപകരുടെ കാര്യം പുനഃപരിശോധിക്കണമെന്നുപറഞ്ഞു് ഹൈക്കോടതിവരെ അഭിപ്രായപ്പെട്ടിട്ടു് അതിന്മേൽ ഒരു പുനഃപരിശോധന നടത്താൻ തയ്യാറാകാതിരിക്കുന്നതു് എന്തുകൊണ്ടാണു്, പുനഃപരിശോധന നടത്താൻ തയ്യാറാകുമോ?

ശ്രീ. സി. എച്ചു്. മുഹമ്മദുകോയ: കോടതിവിധിയുണ്ടായിട്ടുള്ള കാര്യങ്ങളിൽ ഗവണ്മെൻറു് യാതൊരു കാലതാമസവും വരുത്തിയിട്ടില്ലാ എന്നാണു് എൻറെ അറിവു്. അതിൽ വല്ലവ്യത്യാസവുമുണ്ടെങ്കിൽ അന്വേഷിക്കുന്നതുമാണു്.

ശ്രീ. കെ. കരുണാകരൻ: കോത്താരികമ്മീഷൻ റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്ന പദ്ധതി അടുത്ത വിദ്യാഭ്യാസവർഷം മുതൽതന്നെ നടപ്പിലാക്കാൻ ശ്രമിക്കുമോ, ഇല്ലെങ്കിൽ നിലവിലുള്ള സംപ്രദായമനുസരിച്ചു് ക്രാഫ്റ്റു് അദ്ധ്യാപകന്മാർക്കു് യാതൊരു ദോഷവും വരാതിരിക്കാനുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുമോ?

ശ്രീ. സി. എച്ചു്. മുഹമ്മദുകോയ: നിലവിലുള്ള ക്രാഫ്റ്റു് സംപ്രദായം ഈ ഗവണ്മെൻറുവന്നതിനുശേഷമല്ല നിറുത്തിവച്ചതു്. കുറെ നേരത്തെതന്നെ അതു നിറുത്തിവച്ചു. കോത്താരികമ്മീഷൻ പറയുന്ന പ്രകാരം എക്സ്പീരിയൻസു് പദ്ധതി നടപ്പാക്കുന്നതിൽ കേന്ദ്രഗവണ്മെൻറു് എന്തു പങ്കുവഹിക്കുമെന്നുള്ളതിനെസംബന്ധിച്ചു യാതൊരു വിവരവും ഇപ്പോഴില്ല. അതിനെസംബന്ധിച്ചുള്ള വിവരംകൂടി കിട്ടിക്കഴിഞ്ഞാൽ കൂടുതൽ നടപ്പാക്കാവുന്നതാണു്.

ശ്രീ. കെ. എം. ജോർജ്ജു്: 1962 ൽ ഫുൾടൈം ആക്കുകയും പ്രൊട്ടക്ഷൻ കൊടുക്കുകയും ചെയ്യപ്പെട്ടിട്ടുള്ള അദ്ധ്യാപകർ അവർക്കു് പ്രൊട്ടക്ഷൻ ലഭിക്കുന്നതിനുമുമ്പുള്ള തുക റീഫണ്ടുചെയ്യണമെന്നു് ഉത്തരവുകിട്ടിയിട്ടുള്ളതായി അറിയാം. അതുകൊണ്ടു് ഈ കാര്യത്തിൽ അവർക്കു് എന്തെങ്കിലും സഹായംചെയ്തുകൊടുക്കാൻ ഗവണ്മെൻറു് തയ്യാറാകുമോ?

ശ്രീ. സി. എച്ചു്. മുഹമ്മദുകോയ: ആഡിറ്റുസംബന്ധമായ എന്തോ കാരണംകൊണ്ടായിരിക്കും അങ്ങനെ ഒരു ഉത്തരവു് പുറപ്പെടുവിച്ചതു്. ഏതായിരുന്നാലും ഓരോ കേസ്സും പരിശോധിച്ചു്ചെയ്യാൻ കഴിയുന്നതു ചെയ്യുന്നതാണു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. കുട്ടിക്കൃഷ്ണൻനായർ: എസ്. എസ്. എൽ. സി. പാസ്സായിട്ടുള്ളവർ ടെയിനിംഗിനുപോകാൻ തയ്യാറാണെങ്കിൽ അവക്ക് മുൻഗണനകൊടുക്കാൻ തയ്യാറാകുമോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: (സി) യുടെ ഉത്തരത്തിൽ ഞാൻ ഇതിനെ സംബന്ധിച്ച് പറഞ്ഞിട്ടുണ്ട്.

ശ്രീ. എൻ. കെ. ശേഷൻ: ടി. ടി. സി. ക്ക് പോകാൻ നിവൃത്തിയില്ലാതിരിക്കുകയും തൊഴിലില്ലാതിരിക്കുകയും ചെയ്യുന്ന പേരെ കുറെ ആളുകളുമുണ്ട്. അവരുടെ കാര്യത്തിൽ എന്തുചെയ്യാൻ ഉദ്ദേശിക്കുന്നുണ്ട്?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: അവരെ സംബന്ധിച്ചിടത്തോളം എന്തു ചെയ്യാൻകഴിയുമെന്ന് ആലോചിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. പി. ഉണ്ണികൃഷ്ണപിള്ള: കഴിഞ്ഞ മാർച്ചുമാസത്തിൽ വിദ്യാഭ്യാസനവീകരണംസംബന്ധിച്ച ഒരു സെമിനാർ ഗവണ്മെൻറുനേതൃത്വത്തിൽ സംഘടിപ്പിക്കുകയും ആ സെമിനാറിൽ പൊന്തിവന്ന പ്രശ്നങ്ങൾക്ക് എത്രയുംവേഗം പരിഹാരം കാണേണ്ടതാണെന്നും തീരുമാനിക്കുകയും ചെയ്തു. അതിൻെറ അടിസ്ഥാനത്തിൽ ക്രാഫ്റ്റ് അദ്ധ്യാപകരുടെ സേവനം പ്രയോജനപ്പെടുത്തുന്നതിനെസംബന്ധിച്ച് വല്ല നടപടിയും സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: ഈ പ്രശ്നം ഉണ്ടാകുന്നതിനു മുമ്പാണ് സെമിനാർ നടന്നതു്. അതിനുശേഷം ഉണ്ടായിട്ടുള്ള പ്രശ്നങ്ങളെസംബന്ധിച്ചുകൂടി ചർച്ചചെയ്യുന്നതിനു് വീണ്ടും ഒരു സെമിനാർ വിളിച്ചുകൂട്ടാൻ ഉദ്ദേശിച്ചിരുന്നതാണ്. പക്ഷേ, മറുജോലിത്തിരക്കുകൊണ്ടും കാരണം അതിനു കഴിയാതെപോയി. ഈ നിയമസഭാസമ്മേളനംതന്നെ നീണ്ടുപോകാനാണ് സാദ്ധ്യത. ഏതായിരുന്നാലും സമ്മേളനംകഴിയുന്നതിനുമുമ്പ് ഇതുസംബന്ധിച്ച് ഒരു തീരുമാനമെടുക്കാമെന്നു വിചാരിക്കുകയാണ്.

ശ്രീ. പി. കുഞ്ഞൻ: ടി. ടി. സി. ക്ക് പോകാൻ സാദ്ധ്യമല്ലാത്ത ക്രാഫ്റ്റ് ടീച്ചേഴ്സിനെ ഇത്ര കൂട്ടികളുണ്ടെങ്കിൽ നിയമിക്കാം എന്ന വ്യവസ്ഥയിലെങ്കിലും എന്തെങ്കിലും ചെയ്യാൻ തയ്യാറാകുമോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: ഇപ്പോൾ പുതുതായി ക്രാഫ്റ്റും ടീച്ചേഴ്സിനെ നിയമിക്കുകയില്ലെന്ന് ഞാൻ നേരത്തെ പറഞ്ഞു.

ശ്രീ. എൻ. കെ ശേഷൻ: ഒരു വിദ്യാഭ്യാസജില്ലയിൽ ജോലിയില്ലാത്ത ക്രാഫ്റ്റ് അദ്ധ്യാപകനെ മറെറാരു ജില്ലയിലേക്കു മാറുമ്പോഴും അവിടെ അയാൾക്ക് ജോലിയില്ലാതെ വരാതിരിക്കാൻ വ്യവസ്ഥ ചെയ്തിട്ടുണ്ടോ?

ശ്രീ. സി. എച്ച് മുഹമ്മദുകോയ: പോസ്റ്റോട്ടുകൂടിയാണ് ക്രാഫ്റ്റദ്ധ്യാപകന്മാരെ മാറുന്നതെന്നാണ് ഞാൻ മനസ്സിലാക്കുന്നതു്. ഇല്ലെങ്കിൽ അവക്ക് ജോലിയില്ലാതെവരും.

പെൺകുട്ടികളെ കയററി അയയ്ക്കുന്ന ഏജൻസി

* 54. [140] ശ്രീ. കെ. ഐ. രാജൻ: താഴെ കാണുന്ന ചോദ്യത്തിനു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കേരളത്തിൽനിന്നും വിദേശങ്ങളിലേയ്ക്ക് പെൺകുട്ടികളെ കയററി അയയ്ക്കുന്ന ചില ഏജൻസികളും കേരളത്തിൽ പ്രവർത്തിച്ചുവരുന്ന വിവരം ഗവണ്മെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly